# മുഖവുര

പുതിയ നിയമത്തിലെ ഓരോ പുസ്തകവും ഒന്നാം നൂറ്റാണ്ട് മനസിലാക്കുവാൻ സഹായിക്കുന്നതാണ്, എന്നാൽ എബ്രായ പുസ്തകം അതിന്റെയെല്ലാം ഏറ്റവും പ്രായോഗികമായ ഒന്നാണ്.

> എബ്രായ ലേഖനം വായിക്കുന്ന ഇരുപതാം നൂറ്റാണ്ടിലെയും (ഇരുപത്തി-യൊന്നാം നൂറ്റാണ്ടിലെയും) വായനക്കാർ, ഇതിന്റെ ആദ്യ ഗുണഭോക്താക്കൾ ലോകത്തിൽ കുഴപ്പങ്ങളും പ്രതിസന്ധികളും തരണം ചെയ്ത് തങ്ങളുടെ വിശ്വാസത്തിനായി പോരാടിയതും മുൻകാലങ്ങളിലെ ആളുകളുടെ ക്ഷേമ കാലഘട്ടത്തേയും തിരിച്ചറിയുന്നു എന്നതാണ് വസ്തുത.[1]

ചിലർ ഇന്ന് ക്രിസ്തുവിലുള്ള ജീവിതത്തിന് ബദലായി ആചാരം ജീവിതചര്യയായി എടുക്കുന്നു എന്ന പ്രത്യേകത നാം കാണുന്നുണ്ട്, എന്നാൽ എബ്രായ ലേഖനം ഉറച്ചു നിൽക്കുവാനുള്ള ആഹ്വാനമാണ് നൽകുന്നത്. അതിന് യേശു ദൈവപുത്രൻ ആണെന്നും, സൃഷ്ടിക്കപ്പെട്ട എല്ലാ വസ്തുക്കളെക്കാളും എല്ലാ സൃഷ്ടികളെക്കാളും മുകളിലാണ് യേശു എന്നും നാം വിശ്വസിക്കണം. അതിന് അവന്റെ മരണത്തിലും ഉയർത്തെഴുന്നേൽപിലും നാം ആശ്രയിക്കണം. കൂടാതെ, നമ്മെ സ്വർഗത്തിലെത്തിക്കുന്ന ചില വിശുദ്ധ കൽപനകളെ നാം പാലിക്കുക കൂടെ ചെയ്യണം.

എബ്രായ ലേഖനം എഴുതിയതിന്റെ ഉദ്ദേശം, "ക്രിസ്ത്യാനികളെ ക്രിസ്തുവിനോട് ചേർത്ത് ആണിയടിക്കുക" എന്നതാണ്, അതായത്, അവരുടെ സാഹചര്യങ്ങൾ എന്തായാലും, വായനക്കാർ തുടർന്ന് വിശ്വസ്തരായിരിക്കണം എന്നർത്ഥം (2:1; 3:12; 4:1; 6:1–12; 10:22–25; 12:25). വിഷയം 3:12, 13 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

> സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചു കളയാതിരിക്കേണ്ടതിന് അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ. നിങ്ങൾ ആരും പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിന്ന് "ഇന്ന്" എന്നു പറയുന്നേടത്തോളം നാൾതോറും അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ.

നമ്മുടെ മഹാപുരോഹിതനായ, യേശുക്രിസ്തുവിന്റെ ശുദ്ധീകരണ പ്രവൃത്തിയാൽ ക്രിസത്യാനിക്ക് ദൈവത്തോടു സമിപിക്കുവാൻ കഴിയുന്നു എന്നു കാണിക്കുന്നതു കൂടെയാണ് ലേഖനത്തിന്റെ മറ്റൊരു ഉദ്ദേശം. ക്രിസ്തുവിന്റെ നിയമത്തെയും പൗരോഹിത്യത്തെയും കുറിച്ചുള്ള ഉപദേശം വിപുലമാക്കുന്നത് പുതിയ നിയമത്തിൽ എബ്രായപുസ്തകം മാത്രമാണ്. അതിൽ കേന്ദ്രീകരിച്ചിരിക്കുന്നത് യെഹൂദക്രിസ്ത്യാനികൾക്ക് ക്രിസ്തുവിൽ ലഭിക്കുന്ന പുതിയ പ്രത്യാശയെയാണ്.

ഈ പുസ്തകത്തിലെ സന്ദേശം ഉപദേശപരമായ തെറ്റുകളെ നിഷ്പ്രഭമാ

ക്കിയിരിക്കുകയാണ്. ബൈബിൾ മുഴുവൻ ദൈവശ്വാസിയമെന്ന് വിശ്വസിക്കാത്തവർക്ക്, ഉദാഹരണമായി, എബ്രായലേഖനം ഒരു ശാസനയാണ് കാരണം പഴയനിയമം മുഴുവൻ ദൈവശ്വാസിയമാണെന്ന ഒരു ഉയർന്ന വീക്ഷണം ലേഖനം വെളിപ്പെടുത്തുന്നു. എബ്രായർ 1:5–13 പറയുന്നത്, ദൈവം നേരിട്ടു സംസാരിച്ചതാണ് പഴയനിയമം എന്നും അത് ശരിയായി തർജിമ ചെയ്താൽ ബൈബിൾ ദൈവത്തിന്റെ വചനമായി തന്നെ നിലനിൽക്കുമെന്നും ആണ്! തീർച്ചയായും, ദൈവശ്വാസീയതയെ കുറിച്ചുള്ള ഉയർന്ന വീക്ഷണം എബ്രായലേഖനത്തിലുള്ളതിനേക്കാൾ പുതിയമത്തിലെ മറ്റു പുസ്തകങ്ങളിൽ കാണുകയില്ല.

അതുപോലെ, ദൈവാലയത്തോടുകൂടിയുള്ള യെഹൂദ മതം പുനസ്ഥാപിക്കപ്പെടും എന്ന ഉപദേശത്തെ പുസ്തകം വ്യക്തമായി ഖണ്ഡിച്ചിരിക്കുകയാണ്. അത് ഒരു വിധത്തിൽ "ശ്രേഷ്ഠമായവയിൽനിന്ന്" (ഉയർന്നത്) "കുറവുള്ളതിലേക്ക്" (കുറഞ്ഞത്) പിൻവാങ്ങലാണ്. എബ്രായർ 8:13 പറയുന്നത് ദൈവാലയത്തോടുകൂടി യെഹൂദ മതവും, എന്നേക്കുമായി നീങ്ങപ്പെടും എന്നാണ്.

ലേഖനത്തിൽ പല താക്കോൽ വാക്കുകൾ കാണുവാൻ കഴിയും. പ്രത്യേകിച്ച് രണ്ട് കാര്യങ്ങൾ "എന്നേക്കും" നിലനിൽക്കുമെന്നും (5:9; 6:2; 9:12, 14, 15; 13:20), "ശ്രേഷ്ഠം" എന്നും പറയുന്നു (1:4; 6:9; 7:7, 19, 22; 8:6; 9:23; 10:34; 11:16, 35, 40; 12:24). ദൈവം ക്രിസ്തു മുഖാന്തരം നമുക്ക് വേണ്ടി "ശ്രേഷ്ഠമായ" ചിലത് നൽകിയിരിക്കുന്നു (11:40). പഴയ നിയമത്തേക്കാൾ എന്തുകൊണ്ടും "ശ്രേഷ്ഠമായ" നിയമമാണ് പുതിയ നിയമം. ഇതിലാണ് നമുക്ക് "നിത്യാവകാശം" വാഗ്ദാനം ചെയ്തിരിക്കുന്നത്! (9:15 നോക്കുക.)

## ലേഖകൻ

ബൈബിളിലെ എഴുത്തുകാരിൽ ചിലർ, വിനയാവസ്ഥയാൽ, തങ്ങളുടെ എഴുത്തുകളിൽ പേർ വെക്കാതിരിക്കും. എന്നാൽ സുവിശേഷങ്ങളിലും യോഹന്നാന്റെ ലേഖനത്തിലും ലേഖകന്റെ പേരുകൾ എഴുതിയിരിക്കുകയാണ്. എബ്രായ ലേഖനത്തിൽ എഴുത്തുകാരന്റെ പേർ വെക്കാതിരുന്നതിന്റെ കാരണം ലേഖനത്തിൽ കാണുന്നില്ല.

ലേഖകന്റെ പേർ രേഖപ്പെടുത്താത്തതിനാൽ പലരും അത് എഴുതിയതെന്ന് കരുതുന്ന എഴുത്തുകാർ പലരുണ്ട്. ക്ലെമന്റ് ഓഫ് റോം, തിത്തൊസ്, ഫിലിപ്പൊസ്, അല്ലെങ്കിൽ അക്വിലാസും പ്രിസ്കില്ലയും ആയിരിക്കാം എഴുതിയതെന്ന് ഊഹാപോഹം നടത്തുന്നവർ കരുതുന്നു; എങ്ങനെയായാലും, ഏറ്റവും ബോധ്യപ്പെടുത്താവുന്ന തെളിവുകൾ വിരൽ ചൂണ്ടുന്നത് അപ്പൊല്ലോസ്, ബർന്നബാസ്, പൗലൊസ് എന്നിവരിലേക്കാണ്.

### അപ്പൊല്ലോസ്

ലേഖനത്തിൽ ഉപയോഗിച്ച വാക്കുകളും യെഹൂദ വേദശാസ്ത്രകാരനായിരുന്ന ബി. സി. 20–എഡി. സി. 50 ൽ ജീവിച്ചിരുന്ന[2] അലെക്സന്ദ്രിയക്കാരനായിരുന്ന ഫിലോ ജുഡായെസിന്റെ എഴുത്തുമാണ് ലേഖനം എഴുതിയത് അപ്പൊലൊസ് ആണെന്ന് കരുതുവാൻ കാരണം (പ്രവൃ. 18:24), എന്നാൽ എബ്രായ ലേഖനവുമായി താരതമ്മ്യം ചെയ്യുവാൻ അവന്റെ എഴുത്തുകളൊന്നും ലഭ്യമല്ല. ആ അനുമാനം വിലയുള്ളതാണെങ്കിൽ, ഏ. ഡി. 200 ൽ എഴുതിയ അലെക്സന്ദ്രിയക്കാരനായ ക്ലെമന്റിന്റെ എഴുത്തിനെ കുറിച്ച് പറയുമായിരുന്നു. മറിച്ച്

പൗലൊസ് ആയിരിക്കാം എഴുത്തുകാരൻ എന്നാണ് പറഞ്ഞത്.[3] ബുദ്ധിപരമായ വിവേചനം ഈ ആശയത്തിൽ അടങ്ങിയിരിക്കുന്നു എങ്കിലും അപ്പൊല്ലൊസ് എഴുതി എന്നതിന് തെളിവുകളുടെ അഭാവം നിലനിൽക്കുന്നു.

**ബർന്നബാസ്**

ബർന്നബാസ് ആയിരിക്കാം എഴുത്തുകാരൻ എന്ന ആശയത്തിന് ചില ചരിത്രപരമായ പരിഗണനകൾ നൽകുന്നു. ഏ. ഡി. 200 ൽ മരിച്ച തെർത്തുല്യൻ "ബർന്നബാസ് എഴുതിയ എബ്രായ ലേഖനത്തെ" കുറിച്ച് പറയുകയും, പിന്നെ നമുക്കുള്ള എബ്രായ ലേഖനത്തിൽനിന്ന് ഉദ്ധരിക്കുകയും ചെയ്തിരുന്നു.[4] അവൻ ലേവ്യൻ ആയിരുന്നതുകൊണ്ടും എബ്രായ ലേഖനത്തിൽ ലേവ്യരുടെ പ്രവൃത്തികളെ ധാരാളം പറയുന്നതുകൊണ്ടും അവൻ എബ്രായ ലേഖനം എഴുതിയിരിക്കുവാൻ സാധ്യതയുണ്ട്; എന്നാൽ ഇതിലും എബ്രായ ലേഖനവുമായി ഒത്തു നോക്കുവാൻ അവന്റെ വേറെ എഴുത്തുകൾ ഒന്നുമില്ല.

യെരുശലേമിലെ സഭയുമായി ബർന്നബാസിന്ന് ഏറ്റവും അടുത്ത ബന്ധമുണ്ടായിരുന്നു (പ്രവൃ. 4:36, 37; 11:24, 26–30). പ്രവൃത്തികൾ 14:14 ൽ അവനെ ഒരു "അപ്പൊസ്തലൻ" ആയിട്ടാണ് പറഞ്ഞിരിക്കുന്നത്, അതിനർത്ഥം അവനെ മറ്റു പ്രദേശങ്ങളിലുള്ള സഭകളിലേക്കോ, അല്ലെങ്കിൽ യെരുശലേം സഭയിലേക്കോ "സന്ദേശവാഹകൻ" ആയി അയച്ചിരിക്കാം.

**പൗലൊസ്**

"പൗലൊസിന്റെ എബ്രായലേഖനം എഴുതിയത് ആർ?" എന്ന രസകരമായ ചോദ്യം തന്റെ സെമിനാരി ജീവിതത്തിൽ കേട്ടിരുന്നതായി റേയ് സി. സ്റ്റെഡ്മാൻ പറഞ്ഞിരിക്കുന്നു.[5] പുരാതന പാരമ്പര്യത്തിൽ അവകാശപ്പെടുന്നതുപോലെ, എബ്രായ ലേഖനം പൗലൊസ് എഴുതി എന്നത്, ആനുകാലിക പണ്ഡിതന്മാർ തള്ളിക്കളഞ്ഞിരിക്കുകയാണ്. ചരിത്രപരമായ തെളിവുകൾ എല്ലായ്പോഴും വിശ്വസനീയമല്ലെങ്കിലും, എബ്രായ ലേഖനം പൗലൊസ് എഴുതി എന്നു വിശ്വസിക്കുന്നവരുടെ സാക്ഷ്യം തള്ളിക്കളയാവുന്നതല്ല.

*പൗലൊസ് ആണ് ലേഖകൻ എന്നതിനുള്ള തെളിവ്.* "നിയമം" എന്ന വാക്ക് പലപ്പോഴും-ഉപയോഗിച്ചിട്ടുള്ളത് പൗലൊസിന്റെ പ്രത്യേക ചിന്തയാണ് (എബ്രാ. 7:22; 8:6–10, 13; 9:1, 4, 16, 17; 10:16, 29; 12:24; 13:20). "ടെസ്റ്റമെന്റ്" (*ഡയാതേക്കേ*), അർത്ഥം "ഉടമ്പടി," "വിൽ," അല്ലെങ്കിൽ "ഉടമ്പടി" എന്നിവ പൗലൊസിന്റെ എഴുത്തുകളിൽ കാണാം (റോമർ. 9:4; 11:27; 1 കൊ. 11:25; 2 കൊ. 3:6, 14: ഗലാ. 3:15, 17; 4:24; എഫെ. 2:12 നോക്കുക).

പൗലൊസ് യെരൂശലേമിൽ ആയിരുന്നപ്പോൾ, റോമയിലെ യെഹൂദന്മാർക്കായി പ്രസംഗമായി അവതരിപ്പിച്ചതാണ് എബ്രായ ലേഖനം എന്ന ഒരു സിദ്ധാന്തം പരന്നിട്ടുണ്ട്. പിന്നെ അവൻ റോമിലെത്തിയപ്പോൾ, ആ സന്ദേശം ലൂക്കൊസിന് പറഞ്ഞുകൊടുത്ത് പ്രസിദ്ധീകരണത്തിനായി എഴുതപ്പെട്ടതാണെന്നും പറയപ്പെടുന്നു. "വിവരിപ്പാൻ സമയം പോരാ" എന്നു സൂചിപ്പിച്ചതനുസരിച്ചാണ് ആരംഭത്തിൽ പ്രസംഗമായിരുന്നു എന്ന് കണക്കാക്കിയത് (11:32). അതിൽ പ്രതിഫലിപ്പിക്കുന്നത് "സാധാരണ പ്രസംഗത്തിന് ഉപയോഗിക്കുന്ന ഗ്രീക്ക് ഭാഷയാണ്."[6] "പ്രബോധന വാക്യം" (13:22), എന്ന പ്രയോഗം വ്യക്തമായും പ്രവൃത്തികൾ. 13:15 ലെ പ്രസംഗം പോലെയാണ്.[7] പ്രവൃത്തികളുടെ പുസ്തകത്തിലെ ലൂക്കൊസിന്റെ ശൈലി തന്നെയാണ് എബ്രായലേഖനത്തി

ലേതും. അത് അർത്ഥമാക്കുന്നത്, ലൂക്കൊസ് ആയിരുന്നു പൗലൊസിന്റെ അമാനുയെൻസിസ് ("എഴുത്തുകാരൻ") അഥവാ എബ്രായ ലേഖനം കേട്ടെഴുതിയവൻ.

എബ്രായ ലേഖനം റോമിൽ വെച്ച് പൗലൊസ് പറഞ്ഞുകൊടുത്ത് ലൂക്കൊസിനെക്കൊണ്ട് എഴുതിച്ചതാണെങ്കിൽ, അതിന്റെ ഒരു പകർപ്പ് അവിടെ കാണുമെന്ന് വിശ്വസിക്കുന്നതിൽ തെറ്റില്ല. അങ്ങനെയെങ്കിൽ അതിനെ കുറിച്ച് റോമിലുള്ളവർക്ക് കുറെ വർഷത്തേക്ക് അറിയാമായിരുന്നിരിക്കണം. എങ്ങനെയായാലും, റോമിലെ ക്ലെമന്റിന് (എഴുതിയത് എ. ഡി. 96ൽ) ലേഖകൻ ആരാണെന്ന് അറിയാമായിരുന്നുവെങ്കിൽ, അത് പറഞ്ഞിട്ടില്ല.

മറ്റു സഭാ പിതാക്കന്മാർക്ക് എബ്രായ ലേഖകനെ കുറിച്ച് പറയുവാനുള്ളത്:

- ഗ്രീക്ക് വേദശാസ്ത്രജ്ഞനായിരുന്ന (എ. ഡി. സി. 150–സി. 215) അലെക്സന്ത്രിയക്കാരനായിരുന്ന ക്ലമെന്റ് നിരീക്ഷിച്ചത്, പൗലൊസ് എബ്രായ ഭാഷയിൽ എഴുതുകയും ഗ്രീക്കിലേക്ക് ലൂക്കൊസ് തർജിമ ചെയ്യുകയും ചെയ്തു എന്നാണ്.[8]
- ഏറ്റവും വലിയ വേദശാസ്ത്രകാരനും, സഭയിലെ ആദ്യകാല പണ്ഡിതനുമായിരുന്ന ഒറിജെൻ (എ. ഡി. സി. 185–സി. 254) അത് പൗലൊസിന്റെ പ്രസംഗമായിട്ടായിരുന്നു പരിഗണിച്ചത്, പക്ഷെ, അത് ഭാഷയാക്കിയത് മറ്റൊരാളാണെന്നാണ് അദ്ദേഹം വിശ്വസിച്ചത്.[9]
- ജെറോം (എ. ഡി. സി. 347–സി. 420) എന്ന ലാറ്റിൻ തിരുവെഴുത്ത് തർജിമക്കാരന് (ദ വൽഗേറ്റ്) എഴുതിയത് പൗലൊസ് ആണെന്നത് സംശയിച്ചിരുന്ന കാര്യം അറിയാമായിരുന്നു. എന്നിരുന്നാലും അദ്ദേഹം പറഞ്ഞു, "എബ്രായ ലേഖനം എഴുതിയത് പൗലൊസ് ആണെന്ന് നാം സമ്മതിക്കണം, പൂർവ്വദേശത്തിലെ സഭകൾ മാത്രമല്ല, ഗ്രീക്കിൽ എഴുതിയ മിക്കവാറും എല്ലാ സഭാ എഴുത്തുകാരും അങ്ങനെയാണ് കണക്കാക്കിയിരുന്നത്."[10]

ഗ്രീക്കിൽ എഴുതിയ എല്ലാ സഭാപിതാക്കന്മാരും എബ്രായ ലേഖനം പൗലൊസിന്റേതാണെന്ന് പ്രഖ്യാപിച്ചുവെങ്കിലും, ആ പ്രഖ്യാപനം അധികമാളുകളും മുഖവിലക്കെടുത്തില്ല എന്നതാണ് വാസ്തവം. പൗലൊസിന്റെ എഴുത്തുകളിൽ എബ്രായ ഭാഷയിൽ ഗ്രീക്ക് ഉപയോഗിക്കുന്നത് സാധാരണയായിരുന്നില്ല എന്ന് അവർക്ക് അറിയാം, അതുകൊണ്ട് ലേഖനം പൗലൊസ് എഴുതി എന്ന് സ്വീകരിക്കുവാൻ അവർക്ക് മറ്റു തെളിവുകൾ വേണമായിരുന്നു.

*പൗലൊസ് ആണ് ലേഖകൻ എന്നതിനുള്ള തടസവാദങ്ങൾ.* ചരിത്രപരവും സാഹിത്യപരവും, ഉപദേശപരവുമായ കാരണങ്ങളാലാണ് വില്യം ലെണാർഡ് പൗലൊസ് എഴുതി എന്നതിന് തടസവാദങ്ങൾ നിരത്തിയത്.[11]

1. *ശൈലി.* എഴുതിയ ശൈലിയിലുള്ള വ്യത്യാസം നിലവാരമുള്ള തടസമാണ്. ശൈലിയിലുള്ള ആ വ്യത്യാസം എടുത്തു കാണിച്ച് ലെണാർഡ് വിവരിച്ചു പറഞ്ഞു,

> പൗലൊസിന്റെ ഭാഷയിൽനിന്നും ഉയർന്ന ഒരു നിലവാരമാണ് ലേഖനത്തിലെ മുഴുവൻ പ്രയോഗവും, പദപ്രയോഗങ്ങൾ മുഴുവനും ... വാചക ഘടന പുരോഗമിക്കുന്ന രീതി ശാന്തവും, കലാപരമായ രീതി

> യിലുമാണ് ... ശാന്തമായ ഒരു ചിന്തകന്റെ ഫലപ്രദമായ രൂപമാണ് കാണുന്നത്, അല്ലാതെ ഭയാനകമായ ഒരു അപ്പൊസ്തലന്റെ സ്വഭാവമല്ല അതിൽ കാണുന്നത്. ആകസ്മികതയുടെ അഭാവവും, വാചക-ശിഥി ലീകരണവും, "നിങ്ങൾ അറിയുന്നുവല്ലോ," "അതുകൊണ്ട് നാം എന്തു പറയേണ്ടു?"എന്ന ചോദ്യരൂപത്തിലുള്ള മാറ്റങ്ങളും, ഇല്ലാത്തത് അവനല്ല എഴുതിയത് എന്നതിന്റെ വ്യക്തമായ തെളിവാണ്. ലേഖനത്തിലെ താള ക്രമം, യെഹൂദ മതാനുസാരിയുടേത് എന്നിവ *എബ്രായ* ലേഖനത്തിന്റെ മനോഹാരിതയെ പ്രത്യേകതയുള്ളതാക്കുന്നു. ലേഖനത്തിലുടനീളം നി റഞ്ഞുനിൽക്കുന്നത് ലേവ്യാ പ്രവൃത്തികളായതിനാൽ, പൗലൊസിന്റെ ആത്മാവിൽനിന്നും അന്യമാണ്.[12]

എബ്രായ ലേഖനത്തിലെ വിഷയം പൗലൊസിന്റെ ലേഖനങ്ങളിൽനിന്നു വ്യത്യസ്തമാകയാൽ, ശൈലി സംബന്ധിച്ച് താരതമ്യം അസാധ്യമാണ്. ഫിലെ മോന്റെ ലേഖനത്തിന്റേതിൽനിന്ന് ശൈലി അത്ര കുറവായതല്ല എബ്രായ ലേഖനത്തിന്റേത്, ഫിലെമോൻ എഴുതിയത് പൗലൊസ് ആണെന്ന കാര്യം വളരെ അപൂർവ്വമായിട്ടേ തള്ളിക്കളഞ്ഞിട്ടുള്ളു. കൂടാതെ, അത് പ്രസംഗമായി ട്ട്, പിന്നീട് എഴുതിയതാണെങ്കിൽ, ഉപയോഗിച്ച വാക്കുകളിലെ കാവ്യാത്മകത തെളിയിക്കുന്നത്, പ്രസംഗം എങ്ങനെ ആകർഷണിയമാക്കാമെന്ന് അറിയാ വുന്ന ഒരാളിൽനിന്നു വന്നതാണ് എന്നത്രെ. തോമസ് ജി. ലോങ്ങ് ഈ ഒരു ആവിഷ്ക്കാരം അവതരിപ്പിച്ചു:

> എവിടെയെങ്കിലും ഒരു പ്രാസംഗികൻ പ്രസംഗരൂപേണയുള്ള കുറിപ്പു കൾ ഉപയോഗിച്ച വാക്കുകളാണ് എബ്രായ ലേഖനത്തിലുള്ളത്, നാടകീയ പ്രതികരണത്തിനായി, ഇടവകയിലെക്ക് ഒന്നു നോക്കിയിട്ടാണ് ഉദ്വേഗം ജനിപ്പിച്ചിട്ടാണ് തുടരുന്നത്, പിന്നെ മനുഷ്യ ഹൃദയത്തിന്റെ ചൂടുപോ ലെയുള്ള താളക്രമത്തിലാണ് പറയുന്നത്: "പോളിമെറോസ് കായി പോളി ട്രോപോസ് പലായി ..." ("മുമ്പിലത്തെ പല പരിഷ്ക്കാരങ്ങളിലും, പല ഭാഗങ്ങളിലും ...," 1:1).[13]

ഫിലെമോനും ഫിലിപ്പിയ ലേഖനവും വിലയിരുത്തി ലെണാർഡ് നിരീക്ഷി ച്ചത് എബ്രായലേഖനത്തിൽ ഉപയോഗിച്ച വാക്കുകളുടെ മൂലവാക്കുകൾ പ ലതും പൗലൊസ് ഉപയോഗിച്ചിട്ടുണ്ട് എന്നാണ്.[14] ചില പദാവലികൾ അവന്റേ തിൽനിന്നു തികച്ചും പുതുമയുള്ളതാണ്. എന്നാൽ പൗലൊസിന്റെ മനസിന് അസാധ്യമായ വാക്കുകളൊന്നും എബ്രായ ലേഖനത്തിലില്ല.

2. *അപ്പൊസ്തലത്വം.* മറ്റു അപ്പൊസ്തലന്മാരെ പോലെ താൻ ഒരു ദൃക്സാ ക്ഷിയല്ല എന്നു പറഞ്ഞിരിക്കുന്നതാണ് ഒരു തടസം, അത് ഒരു വാചകത്തിൽ പറഞ്ഞിരിക്കുന്നു, "കർത്താവ് മുഖാന്തരം സംസാരിച്ചത് കേട്ടവർ നമുക്ക് ഉറപ്പിച്ചു തന്നതും ..." എങ്ങനെയായാലും, പൗലൊസ് ചിലപ്പോൾ വായന ക്കാരുടെ വശത്ത് അവനെയും ഉൾപ്പെടുത്തി പറഞ്ഞിട്ടുണ്ട്. എഫെസ്യർ 2:3 ൽ, ഉദാഹരണമായി, മുമ്പിലത്തെ എഫെസ്യയിലെ പാപികളോടു ചേർത്ത് അവനെ പറഞ്ഞിരിക്കുന്നു, പക്ഷെ തീർച്ചയായും ഒരു നീതിമാനായ യെഹൂ ദൻ എന്ന നിലയിലാണ്, അല്ലാതെ അവൻ അവരുടെ സ്വഭാവത്തിൽ പെട്ടവ നായിട്ടല്ല പറയുന്നത്.

അപ്പോൾ, എബ്രായ ലേഖനം, ആദ്യം പ്രസംഗിച്ചിട്ട്, പിന്നെ പൗലൊസ് എഴുതി, മറ്റൊരാൾ (ലൂക്കൊസ്) ഭാഷാന്തരം വരുത്തിയതായിരിക്കാം. അങ്ങനെ ചെയ്തത് പൗലൊസിന്റെ അംഗീകാരത്തോടുകൂടെയായിരിക്കും, അല്ലെങ്കിൽ അവന്റെ മരണശേഷമാണ് ഭാഷാന്തരം വരുത്തിയതെങ്കിൽ അവന്റെ സമ്മതം കൂടാതെയുമായിരിക്കാം.

## തീയതി

ഏഡി. 96-ൽ റോമിലെ ക്ലെമന്റാണ് ആദ്യം എബ്രായ ലേഖനം ഉദ്ധരിച്ച് എഴുതിയത്.[15] ഏ. ഡി. 70 ലെ യെരുശലേം ദൈവാലയം നശിപ്പിച്ചതിനു മുൻപുള്ള ഒരു തീയതിയായിരിക്കുമെന്ന പല ആശയങ്ങളും ഉയർന്നിട്ടുണ്ട്.

1. യെരുശലേമിന്റെ നാശത്തെ കുറിച്ച് ഒന്നും പറയാത്തതിനാൽ, നഗരം അപ്പോഴും നിലനിന്നിരിക്കും.

2. പുരോഹിതന്മാരുടെ പ്രവൃത്തികളെ വർത്തമാനകാലത്തിൽ പറഞ്ഞിരിക്കുന്നത് പൗരോഹിത്യം ഈ ലേഖനം എഴുതുമ്പോഴും തുടരുന്നു എന്നത്രെ. ഏ. ഡി. 70-ൽ ദൈവാലയം നശിപ്പിച്ചതോടുകൂടി എല്ലാ ദൈവാലയ ശുശ്രൂഷകളും എന്നേക്കുമായി നിന്നുപോയി. ഡേവിഡ് ഏ. ഫ്രെൻസി പറഞ്ഞു,

> യെരുശലേമിന്റെയും ദൈവാലയത്തിന്റെയും നാശത്തെ കുറിച്ച് എബ്രായ ലേഖനം ഒന്നും പറയുന്നില്ലെങ്കിൽ-ദൈവാലയാരാധനയും മറ്റും റദ്ദു ചെയതതു സംബന്ധിച്ചുള്ള വാഗദഗതിയെ സംബന്ധിച്ചും കൂടുതൽ അറിയുവാൻ (എബ്രായർ 9-10 നോക്കുക) - ലേഖനം ഏ. ഡി. 70 ന് മുൻപ് എഴുതിയിരിക്കണം ... ഏകദേശം ഏ. ഡി. 64 നോട് അടുപ്പിച്ച് ആയിരിക്കുവാൻ സാധ്യതയുണ്ട്.[16]

3. "പാളയത്തിന് പുറത്തു ചെല്ലുക ..." എന്ന പ്രബോധനം (13:13) തീർച്ചയായും യെഹൂദ മതത്തിലെ യെരുശലേമുമായി ബന്ധപ്പെട്ടതാണ് (മത്താ. 24; മർ. 13; ലൂക്കൊ. 21:7-28 ന്റെ അടിസ്ഥാനത്തിൽ), യെഹൂദ്യക്ക് വരുവാനിരുന്ന നാശത്തെ കുറിച്ച് പ്രവചിച്ച പ്രവചനമാണ് ആ പ്രയോഗം അർത്ഥമാക്കുന്നത്. "നിലനിൽക്കുന്ന നഗരം ഇല്ലല്ലൊ" (13:14) എന്ന പ്രയോഗം നിരീക്ഷിച്ചാൽ, അത് പരോക്ഷമായി യെരുശലേം നഗരത്തെ കുറിച്ച് പറഞ്ഞതാണെന്ന് മനസിലാകും. പഴയ സംവിധാനം "അപ്രത്യക്ഷമാകുവാനിരിക്കുന്നു" (8:13). മഹാപുരോഹിതൻ യാഗം അർപ്പിക്കുന്നത് അപ്പോൾ നടക്കുന്ന ചടങ്ങായിട്ടാണ് 13:11-ൽ പറഞ്ഞിരിക്കുന്നത്. അപ്പോൾ എബ്രായ ലേഖനം എഴുതിയത് ഏ. ഡി. 70 ന് മുൻപ് ആയിരിക്കണം.

4. 10:32-ൽ പറഞ്ഞ ഉപദ്രവം, ഏ. ഡി. 65 ലും അതിനു ശേഷവും റോമിലെ നീറോയുടെ കീഴിൽ നടന്ന ഉപദ്രവവും ആയിരിക്കുവാൻ സാധ്യതയില്ല. അത് ഏ. ഡി. 50 കളിൽ ക്ലൗദ്യോസിന്റെ കാലത്ത് യെഹൂദന്മാരെ റോമിൽ നിന്നു പുറത്താക്കിയപ്പോൾ ഉണ്ടായതും ആയിരിക്കുകയില്ല. അത് "മുൻപ് സംഭവിച്ചതായിരിക്കാം." ആ രണ്ടു സംഭവങ്ങൾക്ക് വളരെ മുൻപ് സംഭവിച്ചതായിരിക്കാം 10:32 ലെ ഉപദ്രവം.

ഏകദേശം സ്വീകാര്യമായ തീയതി, ഏ. ഡി. 63-64 ആണ്, എന്നാൽ പുസ്തകം എഴുതിയത് ഏ. ഡി. 70 നോട് അടുപ്പിച്ചായിരിക്കാം.

## ഗുണഭോക്താക്കൾ

പുസ്തകം എഴുതിയ തീയതി തീർച്ചയാക്കുവാൻ ബുദ്ധിമുട്ട് ഉള്ളതുപോലെ അത് ലഭിച്ചത് ആർക്കായിരുന്നു എന്നു തീർത്തു പറയുവാനും വിഷമം ഉണ്ട്. ഈ പുതിയ നിയമ പുസ്തകത്തിന്റെ ഏറ്റവും പുരാതന കയ്യെഴുത്ത് പ്രതിയിൽ പി46 ൽ "എബ്രായർക്ക്" എന്ന ഒരു മേലെഴുത്ത് കാണാം. ഏ. ഡി. 200 മുതൽ നമുക്ക് ലഭ്യമായ മിക്കവാറും എല്ലാ കയ്യെഴുത്തു പ്രതികളിലും ആ മേലെഴുത്ത് കാണാം. ആ മേലെഴുത്ത് ചേർത്തത് ഒരുപക്ഷെ പുതിയ നിയമ പുസ്തകങ്ങളെല്ലാം ചേർത്ത് കാനോനാക്കിയ രണ്ടാം നൂറ്റാണ്ടിലായിരിക്കാം. അത് മൂല ഗ്രന്ഥത്തിൽ ഇല്ലായിരുന്നു എന്നു പറയുവാൻ മതിയായ കാരണങ്ങൾ കാണുന്നില്ല. ലേഖനത്തിന് മറ്റൊരു വിലാസം ഉള്ളതായും തെളിവില്ല.

ഒന്നാം നൂറ്റാണ്ടിൽ, മറ്റുള്ളവരിൽനിന്നു വ്യത്യസ്തമായി പാലസ്തീൻ പ്രദേശത്ത് ജനിക്കുന്ന യെഹൂദന്മാരെ വേർതിരിച്ച് പറയുന്ന വാക്ക് ആയിരുന്നു "എബ്രായർ" (പ്രവൃ. 6:1). ആധുനിക കാലത്ത് യിസ്രായേൽ– "സാബ്രാ" എന്നു വിളിക്കുന്നതുപോലെയാണ്. പിന്നീട് എബ്രായരെ യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നതുപോലെ, "യെഹൂദന്മാർ" എന്നു വിളിക്കുവാൻ തുടങ്ങി. എങ്ങനെയായാലും, യോഹന്നാൻ പറഞ്ഞിരിക്കുന്ന വാക്കിന്റെ അർത്ഥം, "യെഹൂദ്യയിൽനിന്നുള്ളവൻ" എന്നത് സൂചിപ്പിക്കുന്നത് യെഹൂദ്യക്കാരൻ എന്നാണ്, അത് യേശുവിൽ വിശ്വസിച്ചവരെ ഗലീലക്കാർ എന്നു വിളിച്ചതിൽ നിന്നു വ്യത്യസ്തമായിരുന്നു.

ഈ ലേഖനത്തിന്റെ ഗുണഭോക്താക്കൾ വസിച്ചിരുന്ന സ്ഥാനം ഊഹം മാത്രമാണ്. ചിലർ പുസ്തകത്തിലെ ചിന്തകളിൽനിന്നു അനുമാനിക്കുന്നു. ലേഖകന് വായനക്കാരെ നന്നായി അറിയാമെന്ന് അദ്ധ്യായം 13 വായിച്ചാൽ മനസിലാകും (13:19, 23). അവരുടെ മുമ്പത്തെ കഷ്ടങ്ങളും (10:32), അവരുടെ വസ്തുക്കൾ എങ്ങനെ നഷ്ടപ്പെട്ടിരുന്നു (10:33, 34) രക്തം ചിന്തിയിരുന്നില്ല എന്നും (യാക്കൊബിനെ പോലെ, 12:2) അല്ലെങ്കിൽ അവരുടെ പ്രിയപ്പെട്ടവർ അവർക്ക് നഷ്ടമായില്ല എന്നും അവന് അറിയാമായിരുന്നു. "രക്തം ചിന്തൽ നടന്നത്" യെഹൂദ്യയിലെ മുൻതലമുറയിലായിരുന്നു (12:4). ഇത് വിരൽ ചൂണ്ടുന്നത്, പ്രവൃത്തികൾ 8:1–4 നും 9:1, 2 നും ശേഷമുള്ള യെഹൂദ്യയിലെ അടുത്ത തലമുറയാണ്, വിശേഷിച്ച് വിശ്വസിക്കുന്ന പുരോഹിതന്മാരുടെ കൂട്ടം.

### റോമിലുള്ള യെഹൂദ ക്രിസ്ത്യാനികൾ

ലേഖനത്തിന്റെ ഗുണഭോക്താക്കൾക്ക് തിമൊഥെയൊസിനെ വ്യക്തിപരമായി അറിയാമായിരുന്നു (13:23). അവനെ കുറിച്ചു പറഞ്ഞിരിക്കുന്നതിനാൽ ചിലർ വിചാരിക്കുന്നത് ലേഖനം റോമയിലുള്ള ഒരു കൂട്ടം ആളുകൾക്കാണ് എഴുതിയത് എന്നാണ്. ആ ഇടവകയിലെ എല്ലാവർക്കും അവനെ നന്നായി അറിയാമായിരുന്നു. എങ്ങനെയായാലും, പാലസ്തീനിലെ യെഹൂദന്മാർക്കും അവനെ നന്നായി അറിയാമായിരുന്നു (പ്രവൃ. 20:4; 21:3, 8, 15).

എബ്രായ ലേഖനത്തിന്റെ പകർപ്പ് റോമിൽ ക്ലെമന്റിന്റെ കൈവശം ഉണ്ടായിരുന്നതുകൊണ്ടും, അതിൽ നിന്ന് ഉദ്ധരിച്ചിരിക്കയാലും, സൈമൺ ജെ. കിന്റർമേക്കർ പറഞ്ഞത് റോമിലെ ക്രിസ്ത്യാനികൾക്ക് ഏ. ഡി. 80 നോട് അടുപ്പിച്ച് എഴുതിയതാണെന്നാണ്. തീർച്ചയായും, ദൈവാലയ യാഗങ്ങളെ കുറിച്ച് പറഞ്ഞിരിക്കുന്നു എങ്കിലും, അതിലെ ഉള്ളടക്കം റോമിലെ യെഹൂദ

ക്രിസ്ത്യാനികൾക്ക് വളരെയധികം പ്രയോജനം ചെയ്യുന്നതാണ്.

റോമയിലുള്ളവരാണ് അതിന്റെ ഗുണഭോക്താക്കൾ എന്ന് ഒരാൾ വാദിച്ചാൽ, 10:25-ൽ പറഞ്ഞിരിക്കുന്ന നീറോയുടെ കീഴിൽ നടക്കുവാനിരിക്കുന്ന ഉപദ്രവങ്ങളെ ഓർക്കണം, ആ ഉപദ്രവം ആണെങ്കിൽ, അത് ഏ. ഡി. 63-64 ൽ സംഭവിച്ചിരിക്കണം.[17] മുൻപ് പറഞ്ഞ ഉപദ്രവം അതല്ലെങ്കിൽ, ലേഖനം എഴുതിയത്, ഡൊമീഷ്യന്റെ കീഴിൽ നടന്ന ഉപദ്രവത്തിന് മുമ്പായിരിക്കാം, അപ്പോൾ, ഏ. ഡി. 80 ലോ അല്ലെങ്കിൽ 90 നോട് അടുപ്പിച്ചോ ആയിരിക്കാം. ഈ കാര്യത്തിൽ, പിന്നീടുള്ള തീയതി, കിസ്റ്റമേക്കർ പറഞ്ഞ 80 നോട് അടുപ്പിച്ച് ആയിരിക്കുവാനാണ് സാധ്യത.

എങ്ങനെയായാലും, റോമൻ വിലാസം തെളിയിക്കപ്പെട്ടില്ലെങ്കിൽ, കിസ്റ്റർമേക്കർ പറഞ്ഞ തീയതിക്ക് അടിസ്ഥാനമില്ലാതാകും. "ഇതല്യയിൽനിന്നുള്ളവർ നിങ്ങളെ വന്ദനം ചെയ്യുന്നു" എന്നത് "ഇതല്യയിലുള്ളവർ അവരുടെ വന്ദനം അറിയിക്കുന്നു" എന്നും തർജിമ ചെയ്യാവുന്നതാണ് (13:24).[18] അത് റോമർ ഗുണഭാക്താക്കൾ എന്ന വാദത്തെ ദുർബ്ബലമാക്കുന്നതാണ്.

ലേഖനം റോമയിലുള്ള ഇടവകക്കോ അല്ലെങ്കിൽ വീട്ടിലെ സഭക്കോ എഴുതിയതാണെങ്കിൽ, "ഇതല്യയിൽ *നിന്നുള്ളവർ* നിങ്ങളെ വന്ദനം ചെയ്യുന്നു" എന്നാണ് 13:24 തർജിമ ചെയ്യേണ്ടത്[19] (എൻഏഎസ്ബി). പ്രയോഗം രണ്ടർത്ഥമുള്ളതാകയാൽ, "ഇതല്യയിലുള്ളവർ" എന്ന് എളുപ്പത്തിൽ എഴുതി തർജിമ ചെയ്യാവുന്നതാണ് (കെജെവി; ഏഎസ്വി). ലേഖകൻ എവിടെയെല്ലാം സഞ്ചരിച്ച് പ്രബന്ധം എഴുതിയോ, ഒരു ചെറിയ സംഘം അവനോടുകൂടെ ഉണ്ടായിരുന്നു എന്ന സൂചനയാണ് "ഇതല്യയിലുള്ളവർ" എന്ന പ്രയോഗം നൽകുന്നത്.[20]

**പരിവർത്തനം ചെയ്ത ഒരു കൂട്ടം പുരോഹിതന്മാർ**

"പ്രബോധന വാക്യം" (13:22) കൊണ്ടുദ്ദേശിക്കുന്നത്, പരിവർത്തനം ചെയ്ത ഒരു കൂട്ടം പുരോഹിതന്മാർക്ക് എഴുതി എന്നാണ് (ഉദാഹരണമായി പ്രവൃത്തികൾ 6:7). എങ്ങനെയായാലും, ആ ഗുണഭോക്താക്കളുടെ ഹൃദയം യെഹൂദ മതത്തിലേക്ക് പിന്തിരിഞ്ഞുപോകുവാൻ തീരുമാനം എടുത്തിരുന്നു.[21] എബ്രായരുടെ പൗരോഹിത്യ സ്വഭാവം ജാതികളിൽ മിക്ക പേർക്കും, മിക്ക ക്രിസ്ത്യാനികൾക്കും സ്പഷ്ടമായി മനസിലായിരുന്നില്ല; പക്ഷെ അത് വിശ്വസിച്ച ഒരു കൂട്ടം പുരോഹിതന്മാരെ ബാധിച്ചിരുന്നു. അവർക്ക് അതിലെ ഉള്ളടക്കവും സമയവും വളരെ പ്രാധാന്യമർഹിക്കുന്നതായിരുന്നു-കാരണം അവരുടെ ആത്മാക്കളും, ജീവിതവും അതിൽ ആശ്രയിച്ചിരുന്നു. യേശു "നമ്മുടെ മഹാപുരോഹിതൻ" എന്ന കാര്യം അവരെ ഞെട്ടിച്ചിരിക്കും (എബ്രാ. 4:15, 16; 8:1).

**യെരുശലേമും പാലസ്തീനും**

യെരുശലേമിലേയും പാലസ്തീനിലേയും ക്രിസ്ത്യാനികളായി തീർന്ന യെഹൂദന്മാർക്ക് എഴുതിയിരിക്കുവാൻ സാധ്യതയുണ്ട്. ഇതിന്റെ ഗുണഭോക്താക്കൾ "യെരുശലേമിലും പാലസ്തീനിലും ഉള്ളവരാണ്" എന്ന് ആദ്യം പറഞ്ഞത് ക്രിസോസ്തം ആയിരുന്നു (സി. 347-സി. 407), അത് അദ്ദേഹത്തിന്റെ പുസ്തകമായ ഹോമിലീസ് ഓൺ ഹീബ്രൂസ് എന്നതിലാണ്.[22] ചാവുകടൽ ചുരുൾ കണ്ടെത്തിയതിൽനിന്നാണ് വായനക്കാർ അവിടെയുള്ളവരാണെന്നും

അവർ പരിവർത്തനം ചെയ്ത ഒരു കൂട്ടം പുരോഹിതന്മാരായിരുന്നു എന്നും വിലയിരുത്തിയത്.

ഒരുപക്ഷെ, യെരുശലേം സഭയിൽ തന്നെയുള്ള അദ്ധ്യക്ഷന്മാരെ വേറിട്ട് നിർത്തി അവരെ സംബോധന ചെയ്തതാകുവാനും സാധ്യതയുണ്ട് (13:17, 24). അവർ യെഹൂദന്മാരും ജാതികളും ഇടകലർന്നവരായിരുന്നു എന്ന ഒരു സൂചനയുമില്ല.[23] ഹദ്രിയന്റെ കീഴിൽ ഒരു പ്രക്ഷോഭം നടക്കുന്നതു വരെ (ഏ. ഡി. 132–135), യെരുശലേം സഭയിൽ എബ്രായരെ കൊണ്ടു നിറഞ്ഞിരുന്നു എന്നാണ് യുസേബിയസ് പറഞ്ഞത്.[24]

ലേഖനത്തിൽ ഉപയോഗിച്ച ഉയർന്ന നിലവാരമുള്ള ഗ്രീക്ക് വെച്ചു നോക്കുമ്പോൾ, ഗുണഭോക്താക്കൾ പാലസ്തീൻകാർ ആകുവാനിടയില്ല എന്നാണ് ഫിയെൻസി പറഞ്ഞത്. ആ ഭാഗത്തുള്ള ക്രിസ്ത്യാനികളുടെ ഗ്രീക്ക്, "രണ്ടാം ഭാഷയും, അതും പ്രാകൃതമായ അറിവു വെച്ചുള്ളതും" ആയിരുന്നു.[25] ഗുണഭോക്താക്കൾ പുരോഹിതന്മാർ ആയിരുന്നു എങ്കിൽ, അവർ ആളുകളെ ഉപദേശിക്കുന്നവർ ആയിരുന്നു എങ്കിലും, സങ്കീർണ്ണമായ ഗ്രീക്ക് സംസാരിക്കുന്നവരുമായി അടുത്ത് ഇടപഴകിയിരിക്കാം. അതിനുപുറമെ, മറ്റൊരു ഭാഷയിൽ എഴുതുന്നതിനേക്കാൾ, അത് വായിച്ച് മനസിലാക്കുക എന്നതാണ് മുഖ്യ കാര്യം. അതുകൊണ്ട്, അവർക്ക് ലേഖനം എളുപ്പത്തിൽ മനസിലായി കാണും.

എബ്രായർ 2:3 എടുത്ത്, വായനക്കാർ യെഹൂദ്യരായിരിക്കുകയില്ല, കാരണം അവർ കർത്താവിനെ കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ല എന്ന വാദവുമുണ്ട്. എഫെസ്യർ 2:3 ലേതുപോലെ, എഴുത്തുകാരൻ, തന്നെ വായനക്കാരുടെ സ്ഥാനത്ത് നിർത്തിയിരിക്കുന്നു എന്നതിന്റെ മറ്റൊരു തെളിവാണ് ഇത്. എബ്രായ ലേഖനം എഴുതിയത് ഏ. ഡി. 63 ൽ അല്ലെങ്കിൽ 64 ൽ എന്നു പറയുമ്പോൾ, മിക്ക സഭാദ്ധ്യക്ഷന്മാരും അപ്പോഴേക്കും മരിച്ചിരിക്കും. (13:7 ലെ ഭൂതകാലം ശ്രദ്ധിക്കുക.)

എബ്രായർ 10:25 നെ ഒരാൾ എങ്ങനെ വ്യാഖ്യാനിക്കുന്നു എന്നതനുസരിച്ചിരിക്കും യെഹൂദ്യ എന്ന ലക്ഷ്യസ്ഥാന സാധ്യത. പുസ്തകത്തിലെ വാക്കുകളും യേശുവിന്റെ പ്രവചനങ്ങളും ഒത്തിരിക്കുവാൻ (മത്താ. 24; മർ. 13; ലൂക്കൊ. 21), "നാൾ അടുത്തിരിക്കുന്നു" എന്നതിലെ "നാൾ" എന്നത് ആയിരക്കണക്കിന് യെഹൂദന്മാർ കഷ്ടത അനുഭവിക്കുന്നതായി മനസിലാക്കണം. അത് സംഭവിക്കുന്നത് ഏ. ഡി. 70 ൽ യെരുശലേം വീഴുകയും ദൈവാലയം നശിപ്പിക്കയും ചെയ്തപ്പോഴായിരുന്നു. ഒരാൾക്ക് രോഗമോ മരണമോ എപ്പോഴാണ് വരുന്നതെന്ന് അറിയാത്തതുപോലെ, കർത്താവിന്റെ മടങ്ങി വരവ് നോക്കിയിരുന്നാൽ "കാണുവാൻ കഴിയുകയില്ല" കാരണം സമയസൂചന "അടയാളം" ആയി നൽകിയിട്ടില്ല. യേശു മത്തായി 24 ലും, മർക്കൊസ് 13 ലും, ലൂക്കൊസ് 21 ലും നൽകിയ അടയാളങ്ങൾ, ലോകാവസാനത്തെ കുറിച്ചുള്ളതല്ല, മറിച്ച് യെരുശലേമിന്റെ വീഴ്ച്ചയെ കുറിച്ചുള്ളതാണ്. ഈ വേദഭാഗത്തിൽ യേശു നൽകിയ അടയാളങ്ങൾ യെരുശലേമിന്റെ നാശത്തോടനുബന്ധിച്ചുള്ള സംഭവങ്ങൾ ആയിരുന്നു, അവ ഏ. ഡി. 66–നും 70 നും ഇടക്ക് നിറവേറിയിരുന്നു.

യെരുശലേം വീഴ്ച്ചയുടെ അടയാളങ്ങളിൽനിന്നു വ്യത്യസ്തമായി യേശു തന്റെ രണ്ടാം വരവിനെ കുറിച്ച് പറഞ്ഞു, "ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ ആരും, സ്വർഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല" (മത്താ. 24:36). അവന്റെ മടങ്ങി വരവിന് അടയാളമോ സൂചനയോ ഇല്ല. മറിച്ച് നൽകിയ അടയാളങ്ങളും സൂചനകളും

എല്ലാം ഏ. ഡി. 70-ലെ യെരുശലേം നാശവുമായി ബന്ധപ്പെട്ടവ മാത്രമായിരുന്നു.[26] ഈ വ്യാഖ്യാനം യെഹൂദ്യയിലെ വിശുദ്ധന്മാർക്ക് വേദഭാഗത്തിന്റെ അർത്ഥം വിപുലമാക്കുന്നതാണ്, അവരായിരിക്കണം ലേഖനത്തിന്റെ ആദ്യ വായനക്കാർ, അല്ലാതെ റോമിലോ, അല്ലെങ്കിൽ മറ്റു സ്ഥലങ്ങളിലുള്ളവരോ ആയിരിക്കുകയില്ല.

അപ്പോൾ, നല്ല ഒരു തീർപ്പ് എന്തെന്നാൽ, ഈ പ്രബന്ധം യെഹൂദ്യയിലുള്ള ആദ്യ വായനക്കാർക്ക് യേശു മുൻപ് നൽകിയ പ്രവചനങ്ങളും യെരുശലേമിന്റെ വീഴ്ച്ചയെ കുറിച്ചുള്ള മുന്നറിയിപ്പുകളും വളരെ പ്രയോജനം ചെയ്യുന്നതാണ്. യെരുശലേമിന്റെ വീഴ്ച്ച അടുത്തിരിക്കയാൽ, ഓടിപ്പോകേണ്ടതും അതുവരെ വിശ്വസ്തരായി ജീവിക്കേണ്ടതുമായിരുന്നു. ലേഖനം എഴുതിയത് ഏ. ഡി. 70 നു തൊട്ടു മുൻപാണ് എന്നു തോന്നുന്നു. അപ്പോഴും ദൈവാലയം നിലനിന്നിരുന്നു, പക്ഷെ അത് വീഴുവാൻ പോകുന്നു.

ഒന്നാം നൂറ്റാണ്ടിൽ, ഏഴാം-ദശാബ്ദ മദ്ധ്യേ ജീവിച്ചിരുന്ന യഥാർത്ഥ ''എബ്രായർക്കായിരുന്നു'' ലേഖനം തീർച്ചയായും എഴുതിയിരുന്നത് എഫ്. എഫ്. ബ്രൂസ് പറഞ്ഞു, "... ഇപ്പോഴുള്ള നമ്മുടെ അറിവ് അനുസരിച്ച് ലേഖനം എഴുതിയതു എവിടത്തുകാരെ ഉദ്ദേശിച്ചായിരുന്നു എന്നു തീർത്തു പറയുവാൻ സാധ്യമല്ല. ഭാഗ്യവശാൽ അതിന്റെ വ്യാഖ്യാനം ആ ചോദ്യത്തെ സ്വതന്ത്രമാക്കി നിർത്തിയിരിക്കുകയാണ്."[27]

## പുസ്തകത്തിന്റെ സാമാന്യ നിയമം

എഴുതിയത് ആരെന്നു വ്യക്തമല്ലാത്തത് സാമാന്യനിയമത്തെയും ചോദ്യം ചെയ്തേക്കാം, "എബ്രായ ലേഖനം ബൈബിളിൽ ഉൾപ്പെടുന്നതാണോ? അത് വാസ്തവത്തിൽ തിരുവെഴുത്ത് തന്നെയാണോ?" ഏ. ഡി. മൂന്നാം നൂറ്റാണ്ടു വരെ പൂർവ്വ ദേശത്തുള്ളവർ, ലേഖനം പുതിയനിയമത്തിൽ ഉൾപ്പെട്ടതാണോ എന്നു ചോദ്യം ചെയ്തിരുന്നില്ല. സമ്മതിച്ച് എഴുതിയവരിൽ യൂസേബിയസും ഉൾപ്പെടുന്നു (സി. 263-339). പുസ്തകങ്ങളെ പോലെ അവയുടെ ശ്വാസിയതയും ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്.[28]

പാശ്ചാത്യ ദേശത്തെ റോമിലെ ക്ലെമന്റ് എബ്രായ ലേഖനം കാനോനികമെന്ന് സ്വീകരിച്ച് എഴുതിയിരുന്നു. പൗലൊസിനാൽ എഴുതപ്പെട്ടു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കാം അത് സ്വീകരിക്കപ്പെട്ടത്. ക്രിസ്തുവിനെ "നിത്യ പിതാവായി" പാശ്ചാത്യ ദേശത്തെ പോളികാർപ്പും ഏ. ഡി. 115 ൽ സമ്മതിച്ച് എഴുതിയിരുന്നു, അത് എബ്രായ ലേഖനത്തിന്റെ പ്രതിഫലനം ആകണം.[29] എങ്ങനെയായാലും, പാശ്ചാത്യ ദേശത്ത് ഇതിന്റെ സ്വീകാര്യതക്ക് വളരെ സമയം എടുത്തു. ഏ. ഡി. 393 ലെ ഹിപ്പോ സുന്നഹദോസ് വരെ പുതിയ നിയമത്തിലെ ഇരുപത്തേഴു പുസ്തകങ്ങളും ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിരുന്നില്ല.

റോമിലെ ക്ലെമന്റ് എബ്രായ ലേഖനത്തിലെ പല ഭാഗങ്ങളും, പറയുകയോ ഉദ്ധരിക്കുകയോ ചെയ്തിട്ടും, പാശ്ചാത്യ ലോകത്തുള്ളവർ പുസ്തകത്തെ സ്വീകരിക്കുവാൻ താമസിച്ചത്, എന്തുകൊണ്ടാണെന്ന് ഒരാൾ സംശയിച്ചേക്കാം. ചുരുക്കത്തിൽ, അപ്പൊസ്തലനാണ് എഴുതിയത് എന്നതിനുള്ള തെളിവുകളുടെ അഭാവമായിരുന്നു കാരണം. അപ്പൊസ്തലൻ റോമിൽ വെച്ച് എഴുതി പൂർവ്വദിക്കിലേക്ക് (യെഹൂദ്യ) അയച്ചതാണെങ്കിൽ, ഒരുപക്ഷെ ആരാണ് എഴുതിയത് എന്ന് റോമിലുള്ളവർ മറന്നു പോയിരിക്കാം. അക്കാര

ണത്താലായിരിക്കാം ക്ലെമന്റിന്റെ മരണശേഷം അത് ഉപയോഗിക്കാതിരുന്നത്. അതിലുപരിയായി, യെരുശലേം ദൈവാലയം നശിപ്പിക്കുന്നതിനു മുൻപ് യെഹൂദ്യയിലെ യെഹൂദന്മാരുടെ പരിശീലനത്തെ കുറിച്ചു വിവരിച്ചിരുന്നതിനാൽ, റോമിലുള്ള യെഹൂദന്മാർ അതിനെ കുറച്ചു മാത്രം ഉപയോഗിക്കുകയോ അഭിനന്ദിക്കുകയോ ചെയ്തിരിക്കാം. സഭ ആരംഭിച്ച് മുപ്പത്തി-യഞ്ചു വർഷം കഴിഞ്ഞിട്ടാണ് ലേഖനം എഴുതിയത്, മറ്റൊരു മുപ്പതു വർഷം കഴിഞ്ഞിട്ടാണ് ക്ലെമന്റ് എഴുതിയത്, അപ്പോഴേക്ക് റോമിലുണ്ടായിരുന്ന ആദ്യകാല അംഗങ്ങളെല്ലാം മരിച്ചുപോയിരിക്കാം; അപ്പോഴേക്കും അവിടെയുണ്ടായിരുന്നവർ എഴുതിയ ആളെ കുറിച്ച് മറന്നു പോയി കാണും. അതാണ് സംഭവിച്ചതെങ്കിൽ, റോമിലുള്ളവർക്ക്, എബ്രായ ലേഖനത്തിന്റെ കാനോനിസിറ്റി വിശ്വസിക്കുവാൻ പ്രയാസം നേരിട്ടിരിക്കാം.

അതിൽനിന്നു വ്യത്യസ്തമായി, പൂർവ്വദേശത്തെ പാലസ്തീൻകാർ എബ്രായ ലേഖനം ഓർമ്മിച്ചു. ലേഖനം ആദ്യമായി ലഭിച്ചവർ തീർച്ചയായും അതിന്റെ ലേഖകൻ ആരാണെന്ന് ഓർമ്മിച്ചിരിക്കും. കൂടാതെ, ഒരു പ്രസംഗത്തേക്കാൾ ഒരു പ്രബന്ധം ഓർമ്മിക്കുവാനാണ് എളുപ്പം, പ്രത്യേകിച്ച്, അത് തുടർച്ചയായി, ശ്രദ്ധയോടെ വായിച്ചാൽ.

## പുസ്തകത്തിന്റെ പുറമെയുള്ള പ്രവർത്തനം

ഏ.ഡി. 70 ലെ യെരുശലേമിൽനിന്നുള്ള രണ്ട് ഓടിപ്പോകൽ, അതിന്റെ ഭാവിയെ ബാധിക്കുന്നതായിരുന്നു. ഒന്ന് റബ്ബി യോഹന്നോൻ സക്കായിയെ ഒരു ശവപെട്ടിയിൽ ചുമന്നു കൊണ്ടുപോയപ്പോഴും പിന്നെ മറ്റൊന്ന് റോമൻ ജെനറൽ വെസ്പേഷ്യൻ യെഹൂദ പരിശീലനം പുനരേകീകരിക്കുവാൻ ശ്രമിച്ചപ്പോഴുമായിരുന്നു. റബ്ബിമാരുടെ യെഹൂദ മതത്തിന് അടിസ്ഥാനം ഇട്ടത് അവന്റെ പ്രവർത്തന ഫലമായിരുന്നു.

മറ്റൊരു ഓട്ടം നടന്നത് യെരുശലേമിലെ വിശ്വസ്തമായ സഭയുടേതായിരുന്നു. ക്രിസ്ത്യാനികൾ ഓടിപ്പോയത് ക്രിസ്തുവിന്റെ കൽപന അനുസരിച്ചായിരുന്നു എന്നാണ് യുസേബിയസ് പറഞ്ഞത് (മത്താ. 24:15, 16; മർ. 13:14; ലൂക്കൊ. 21:20, 21), ദെക്കപ്പൊലിയിലെ ജാതികളുടെ പട്ടണമായ പെല്ലയിലേക്കായിരുന്നു അവർ ഓടി പോയത്. “ലോകത്തിൽ ഒരു കാരണവുമില്ലാതെ”[30] ആണ് റോമാ സൈന്യം വിട്ടു പോയത്, അപ്പോഴായിരുന്നു ക്രിസ്ത്യാനികൾ രക്ഷപ്പെട്ടത്. വെസ്പേഷ്യന്റേയും ടൈറ്റസിന്റേയും കീഴിൽ റോമാക്കാർ മടങ്ങി വന്ന് ദൈവാലയം നശിപ്പിച്ച്, അവിടെയുള്ള ആരാധന ലോകത്തിൽനിന്ന് നിഷ്ക്കാസനം ചെയ്തു.

യെഹൂദാരാധനയിൽ വന്ന ഈ വിസ്മയാവഹമായ മാറ്റം, പൂർണ്ണമായ പുതിയനിയമ സഭ “ദൈവത്തിന്റെ യഥാർത്ഥ മന്ദിരമാകുവാൻ” കാരണമാകുകയും ചെയ്തു (എഫെ. 2:19–22; 1 പത്രൊ. 2:4–8). എബ്രായ ലേഖനം എഴുതിയത് ഏ. ഡി. 63–67 കാലഘട്ടത്തിലാണ് എങ്കിൽ, യെഹൂദ ക്രിസ്ത്യാനികൾക്ക് ദൈവാലയവും അതിനെ പ്രതിനിധാനം ചെയ്തവയും നഷ്ടമായത് തരണം ചെയ്യുവാൻ മതിയായ സമയം ലഭിച്ചിരിക്കും. ഈ പുസ്തകം എഴുതിയത്, ദൈവകാരുണ്യത്താൽ, ദൈവത്തിന്റെ വെളിപ്പാടിനാൽ യെഹൂദ ക്രിസ്ത്യാനികളുടെ ഉപദ്രവങ്ങളെ അതിജീവിക്കുവാൻ, ആശ്വസിപ്പിച്ച് മുപ്പതുവർഷത്തിന് ശേഷം സഭയെ നിലനിർത്തുവാൻ സഹായകരമായി.

## എബ്രായ ലേഖനവും
## പഴയനിയമ ഉദ്ധരണികളും

എബ്രായ ലേഖകന്, ബൈബിൾ ഉദ്ധരണികൾ ലഭിച്ചത് സെപ്‌ത്വജിന്റിൽനിന്നായിരുന്നു (LXX). ബി. സി. 150 നോട് അടുപ്പിച്ചായിരുന്നു പഴയ നിയമം മുഴുവനും, ഗ്രീക്കിൽ തർജിമ ചെയ്ത് പൂർത്തിയാക്കിയത്.[31] "പരിശുദ്ധാത്മാവ് അരുളിച്ചെയ്തതുപോലെ" എന്ന പ്രയോഗത്തോടുകൂടി സങ്കീർത്തനങ്ങൾ 95:7–11 ഉദ്ധരിച്ചതാണ് എബ്രായർ 3:7. പഴയനിയമത്തിലെ ചില കാര്യങ്ങൾ "പരിശുദ്ധാത്മാവ് സൂചിപ്പിച്ച[തായി]" ലേഖകൻ പറഞ്ഞിരിക്കുന്നു (9:8). മശിഹയെ കുറിച്ചുള്ള സങ്കീർത്തനങ്ങൾ 40:6–8 ലെ വാക്കുകൾ എബ്രായർ 10:5–7 ൽ കാണാം. പഴയനിയമത്തിലെ ആ ഉദ്ധരണികൾ ദൈവശ്വാസിയതയുടെ ഉയർന്ന ഉദാഹരണങ്ങളാണ്.

## പുസ്തകത്തിന്റെ സാഹിത്യ രൂപം

എബ്രായ ലേഖനം പുതിയനിയമത്തിലെ മറ്റു പുസ്തകങ്ങളുമായി താരതമ്യം ചെയ്യാവുന്നതല്ല, കാരണം അത് ആരംഭിക്കുന്നത് പ്രബന്ധമായും, പിന്നെ ഭവനാന്തരീക്ഷത്തിലാക്കുകയും, അവസാനിപ്പിക്കുന്നതു ലേഖനം ആയിട്ടുമാണ്.[32] ശൈലിയിലും, ചിന്തയിലും, വാദഗതിയിലും, പുരാതന പള്ളികളിലെ പ്രസംഗം പോലെയുള്ളതാണ് എബ്രായ ലേഖനം എന്നാണ് ജെയിംസ് തോംസൺ പറഞ്ഞത്.[33]

## ഘടനാ രൂപത്തിലുള്ള ബാഹ്യരൂപരേഖ

I. ക്രിസ്തു എന്ന വ്യക്തി (1:1–4:13)
- ഏ. ദൈവിക സ്വഭാവം (1)
- ബി. മനുഷ്യ സ്വഭാവം (2)
- സി. പ്രവാചക വാക്യം (3:1–4:13)

II. ക്രിസ്തുവിന്റെ പൗരോഹിത്യം (4:14–10:18)
- ഏ. അവന്റെ ഉദ്യോഗം (4:14–7:28)
- ബി. അവന്റെ പൗരോഹിത്യ ജോലി (8:1–10:18)
  1. പുതിയ ഉടമ്പടി (8)
  2. പ്രായശ്ചിത്തം (9)
  3. യാഗം (10:1–18)

III. പ്രവർത്തനത്തിന്റെ പ്രായോഗികതയും അംഗീകാരവും (10:19–12:29)
- ഏ. നേട്ടവും കുഴപ്പവും (10:19–39)
- ബി. വിശ്വാസത്തിന്റെ വിജയങ്ങൾ (11)
- സി. പ്രായോഗികത (12)

IV. വ്യക്തിപരമായ അവസാന വാക്ക് (13)

---

കുറിപ്പുകൾ

[1]റേയ് സി. സ്റ്റെഡ്മാൻ, ഹീബ്ര്യൂസ്, ദ ഐവിപി ന്യൂ ടെസ്റ്റമെന്റ് കമെന്ററി സീരീസ് (ഡൗണെഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 9. [2]എബ്രായ

ലേഖകൻ വന്നത് "ഫിലോയെ പോലെ സ്കൂൾ ഓഫ് അലെക്സാന്ദ്രിയൻ ജൂഡായിസത്തിൽ നിന്നു തന്നെയാണ് ..." LXX ലെ ചില വായനകൾ അവൻ പറഞ്ഞിരിക്കുന്നത് ഫിലോയിലും എബ്രായലേഖനത്തിലും മാത്രമാണ് ഉള്ളത്. (സിഡ്ണി സി. സോവേഴ്സ്, ദ ഹെർമെന്യൂട്ടിക്സ് ഓഫ് ഫിലോ ആന്റ് ഹീബ്രുസ്, ബേസെൽ സ്റ്റഡീസ് ഓഫ് തിയോളജി നം. 1 റിച്ച്മണ്ട്, വാ.: ജോൺ നോക്സ് പ്രസ്, 1965പ, 66–68.) [3]സൈമൺ ജെ. കിറ്റ്സ്മേക്കർ, എക്സ്പൊസിഷൻ ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രുസ്, ന്യൂ ടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1984), 7. [4]തെർത്തുല്യൻ ഓൺ മോഡെസ്റ്റി 20. [5]സ്റ്റെഡ്മാൻ 10. [6]ഡേവിഡ് ഏ.ഫിയെൻസി, ന്യൂ ടെസ്റ്റമെന്റ് ഇൻട്രോഡക്ഷൻ, എക്സ്പ്., ദ കോളേജ് പ്രസ്, എൻഐവി കമെന്ററി (ജോപ്ലിൻ, മോ.: കോളേജ് പ്രസ് പബ്ലിഷിങ് കമ്പനി., 1994), 330. [7]ഡൊണാൾഡ് ഗത്രി പറഞ്ഞു, " 'പ്രബോധന വാക്യം' എന്നതിന്റെ അർത്ഥം, 13:15 ലേതുപോലെ, ഒരു മുഷിപ്പൻ ധർമ്മോപദേശം സൂചിപ്പിക്കുന്നത് ലേഘനത്തിന്റെ ഘടന ആദ്യം പ്രത്യേക സാഹചര്യത്തിലെ പ്രസംഗമായും പിന്നെ വ്യക്തിപരമായ പരാമർശങ്ങൾ കൂടെ ചേർത്ത് ലേഖന രൂപത്തിലാക്കിയതാണ്." (ഡൊണാൾഡ് ഗത്രി, ദ ലെറ്റർ ടു ദ ഹീബ്രൂസ്: ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി, ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1983] 31). [8]യൂസേബിയസ് എക്ലേസിയാസ്റ്റിക്കൽ ഹിസ്റ്ററി 6.14. [9]ഇബിഡ്., 6.25. പൗലൊസ് ആണ് ലേഖകൻ എന്നാണ് ഒറിജെൻ പറഞ്ഞത്. [10]ജെരോം ലെറ്റേഴ്സ് 129.3. ഈ തർജിമ ക്രെയിഗ് ആർ. കോയെസ്റ്റർ, ഹീബ്രൂസ്: ഏ ന്യൂ ട്രാൻസ്ലേഷൻ വിത്ത് ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി. ദ ആങ്കർ ബൈബിൾ, വാല്യം. 36 (ന്യൂ യോർക്ക്.: ഡബിൾഡേ, 2001), 27.

[11]വില്യം ലെണാർഡ്, ആദർഷിപ് ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ് (റോം: വത്തിക്കാൻ പോളിഗ്ലോട്ട് പ്രസ്, 1939), 18. ആ പണ്ഡിതൻ പറഞ്ഞത് എബ്രായ ലേഖനം എഴുതിയതിന്റെ പിന്നിൽ "പൗലൊസിന്റെ മനസ്" ആയിരുന്നു എന്നാണ്. അവന്റെ പുസ്തകത്തിലെ ശൈലിയും വാക്കുകളുമാണ് എബ്രായ ലേഖനത്തിലുള്ളത്. [12]ഇബിഡ്. [13]തോമസ് ജി. ലോങ്ങ്, ഹീബ്രൂസ് ഇന്റർപ്രെട്ടേഷൻ (ലൂയിസ്വിലേ: ജോൺ നോക്സ് പ്രസ്, 1997), 4. [14]ലെണാർഡ് 24–26. [15]ജെയിംസ് മൊഫാറ്റ് റോമിലെ ക്ലെമന്റിന്റെ പുസ്തകത്തിൽനിന്ന് ഉദ്ധരിച്ച് റോമിലെ സഭയിൽനിന്ന് കൊരിന്ത്യ സഭയിലേക്ക് ഒന്നാം-നൂറ്റാണ്ടിലെ ഒരു ലേഖകൻ ഒരു ലേഖനം എഴുതിയിരുന്നതായി പറഞ്ഞിരിക്കുന്നു (ഫസ്റ്റ് എപ്പിസ്റ്റിൽ ഓഫ് ക്ലെമന്റ്), അയാൾക്ക് എബ്രായ ലേഖനം അറിയാമായിരുന്നു (ജെയിംസ് മൊഫാറ്റ് ഏ ക്രിടിക്കൽ ആന്റ് എക്സെജെറ്റിക്കൽ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ് [ധന്യു യോർക്ക്: ചാൾസ് സ്ക്രിബ ്നേഴ്സ് സൺസ്, 1924; റീപ്രിന്റ്, എഡിൻബറോ: ടി & ടി ക്ലാർക്ക്, 1952], xiii–xiv). [16]ഫിയെൻസി, 325. [17]ഇബിഡ്., 325. [18]കിസ്റ്റെമേക്കർ 16–18. [19]വില്യം ഹെൻഡ്രിക്സൺ, ബൈബിൾ സർവേ: ഏ ട്രെഷറി ഓഫ് ബൈബിൾ ഇൻഫർമേഷൻ, 3ഡ് എഡി., റെവ. ആന്റ് എനൽ. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1947), 429. [20]ബ്രുക്ക് ഫോസ് വെസ്റ്റ്കോട്ട്, ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്: ദ ഗ്രീക്ക് ടെക്സ്റ്റ് വിത്ത് നോട്ട്സ് ആന്റ് എസ്സേയ്സ് (ലണൻ: മാക്മില്ലൻ & കമ്പനി., 1889; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1973), xliv.

[21]പുരോഹിതന്മാർ ക്രിസ്തുവിലേക്ക് പരിവർത്തനം ചെയ്ത ശേഷം എന്തു സംഭവിച്ചു എന്നതിനെ കുറിച്ച് വിപുലമായ ഒരു പ്രസ്താവന ഗത്രി, 33–34 ൽ കാണാം. അവർ "അപ്രസക്തരായി" പൗരോഹിത്യ ജോലി ഉടനെ തന്നെ ഉപേക്ഷിക്കേണ്ടി വന്നു, അത് അത്യാവശ്യമായിരുന്നില്ല എന്നാണ് കരുതുന്നത്. [22]ക്രിസോസ്റ്റം ഹോമിലീസ്

ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ് ആർഗുമെന്റ് 2. [23]വെസ്റ്റ്കോട്ട് xxxvi. [24]യുസേബിയസ് എക്ലേസിയാസ്റ്റിക്കൽ ഹിസ്റ്ററി 4.5. [25]ഫിയെൻസി, 326. [26]അപ്പൊസ്തലന്മാരോട് യേശു തുടർച്ചയായി "നിങ്ങൾ" എന്നു പറഞ്ഞത് സൂചിപ്പിക്കുന്നത് അതിന്റെ നിറവേറൽ അവർ ജീവിച്ചിരുന്ന ആ "തലമുറയിൽ" തന്നെ എന്നാണ് (24:34). [27]എഫ്. എഫ്.ബ്രൂസ്, ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്, ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യു ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1964), xxxv. [28]യൂസേബിയസ് എക്ലേസിയാസ്റ്റിക്കൽ ഹിസ്റ്ററി 3.3; 6.13. [29]പോളിക്കാർപ് എപ്പിസ്റ്റിൽ ടു ദ ഫിലിപ്പിയൻസ് 12; ക്വോട്ടഡ് ഇൻ വില്യം ലെണാർഡ്, ആദർഷിപ് ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്. (റോം: വത്തിക്കാൻ പോളിഗ്ലോട്ട് പ്രസ്, 1939), 5. [30]ജോസെഫസ് വാഴ്സ് 2.19.1.

[31]ഒഴികഴിവ് 10:30 ൽ കാണാം. അത് ഒന്നുകിൽ സമാന്തര പ്രയോഗം, അല്ലെങ്കിൽ പഴയനിയമ ഗ്രീക്കിൽനിന്നുള്ള ഉദ്ധരണിയാണ്, അതിനെ കുറിച്ച് നമുക്ക് ഇന്ന് അറിയില്ല. അത് പൗലൊസ് റോമർ 12:19 ൽ ഉദ്ധരിച്ചതുപോലെയാണ്. [32]നെയിൽ ആർ. ലൈറ്റ്ഫുട്ട്, *ജീസസ് ക്രൈസ്റ്റ് ടുഡേ: ഏ കമെന്ററി ഓൺ ദ ബുക്ക് ഓഫ് ഹീബ്രൂസ്,* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1976), 43. [33]ജെയിംസ് തോംസൺ, ദ ലെറ്റർ ടു ദ ഹീബ്രൂസ്, ദ ലിവിങ്ങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1971), 8.

# ക്രിസ്തുവിന്റെ ശ്രേഷ്ഠത

**I. ക്രിസ്തുവും അവന്റെ പ്രവൃത്തിയും (1:1–10:18)**

ഏ. പുത്രനായ, ക്രിസ്തു (1:1–4:13)

1. ക്രിസ്തു പ്രവാചകന്മാരേക്കാൾ വലിയവൻ (1:1–3)
   ഏ. ദൈവം സംസാരിച്ചു (1:1, 2)
   ബി. പുത്രന്റെ സ്വഭാവവും മഹത്വവും (1:2, 3)
2. ക്രിസ്തു, ദൂതന്മാരേക്കാൾ വലിയവൻ (1:4–2:18)
   ഏ. ക്രിസ്തു, ദൈവത്തിന്റെ പുത്രൻ (1:4–14)
   ബി. ക്രിസ്തു, മനുഷ്യന്റെ രക്ഷകൻ (2:1–18)
      (1) ഉപേക്ഷ വിചാരിക്കുന്നതിനെതിരെ മുന്നറിയിപ്പ് (2:1–4)
      (2) ക്രിസ്തുവിന്റെ യാഗവും ഉയർപ്പും (2:5–18)
         (ഏ) ക്രിസ്തുവിനെ ദൂതന്മാരേക്കാൾ താഴ്ത്തലും മരണം ആസ്വദിക്കലും (2:5–8)
         (ബി) ക്രിസ്തു, നമ്മുടെ രക്ഷാനായകൻ (2:9–13)
         (സി) കഷ്ടതയേറ്റ, ക്രിസ്തുവിനെ ഉയർത്തി (2:14–18)
3. ക്രിസ്തു, മോശെയേക്കാൾ വലിയവൻ (3:1–4:13)
   ഏ. ക്രിസ്തു, അപ്പൊസ്തലനും മഹാപുരോഹിതനും (3:1–6)
   ബി. ക്രിസ്തുവിന്റെ വിശ്രമം (3:7–4:13)
      (1) കഠിന ഹൃദയത്തിനെതിരെ മുന്നറിയിപ്പ് (3:7–19)
         (ഏ) തിരുവെഴുത്ത് തെളിവ് (3:7–11)
         (ബി) യിസ്രായേലിന്റെ പരാജയ കാരണം (3:12–19)
      (2) യിസ്രായേലിന്റെ വാഗ്ദാനം ക്രിസ്ത്യാനികൾക്ക് (4:1–13)
         (ഏ) ശബ്ബത്ത് വിശ്രമത്തെ കുറിച്ച് മൂന്നു പ്രബോധനങ്ങൾ (4:1–4)
         (ബി) ശബ്ബത്ത് വിശ്രമം നിലനിൽക്കുന്നു (4:5–11)
         (സി) ക്രിസ്ത്യാനികൾക്കുള്ള ദൈവ വചനം (4:12,13)

ബി. ക്രിസ്തുവിന്റെ മഹാപൗരോഹിത്യം (4:14–10:18)

1. അവന്റെ കാര്യാലയം (4:14–7:28)
   ഏ. അഹരോന്റേതിനേക്കാൾ ഉയർന്നതാണ് ക്രിസ്തുവിന്റെ മഹാ പൗരോഹിത്യം (4:14–5:10)
      (1) ദൈവത്തോടുള്ള ക്രിസ്തുവിന്റെ സാമീപ്യം (4:14–16)
      (2) മഹാപുരോഹിതന്റെ പങ്ക് (5:1–4)
      (3) മഹാപുരോഹിതൻ ആകുവാനുള്ള ക്രിസ്തുവിന്റെ യോഗ്യത (5:5–10)
   ബി. പക്വതയിലേക്കുള്ള മുന്നറിയിപ്പും പ്രബോധനവും

(5:11–6:20)
(1) ഉപേക്ഷയുടെ പരാജയം (5:11–14)
(2) വിശ്വാസ ത്യാഗത്തിന്റെ മുന്നറിയിപ്പ് (6:1–8)
(3) ദൈവ വാഗ്ദാനങ്ങളുടെ ഉറപ്പ് (6:9–20)
സി. മൽക്കിസെദേക്കിന്റെ അത്ഭുത പൗരോഹിത്യം (7:1–28)
(1) അബ്രഹാമും മൽക്കിസെദേക്കും (7:1–10)
(2) മൽക്കിസെദേക്കിന്റെ ക്രമപ്രകാരം ക്രിസ്തുവിന്റെ പൗരോഹിത്യം (7:11–22)
(3) തികവുള്ള സ്ഥിരമായതായ ക്രിസ്തുവിന്റെ പൗരോഹിത്യ നിർവ്വഹണം (7:23–28)
2. അവന്റെ പൗരോഹിത്യ ജോലി (8:1–10:18)
ഏ. ക്രിസ്തുവിന്റെ ശുശ്രൂഷയുടെ ശ്രേഷ്ഠത (8:1–13)
(1) അവന്റെ പുതിയ ശുശ്രൂഷ (8:1–5)
(ഏ) സത്യ കൂടാരത്തിലെ ശുശ്രൂഷകൻ (8:1, 2)
(ബി) നൽകുവാൻ ചിലത് ഉള്ള പുരോഹിതൻ (8:3, 4)
(സി) മാതൃകപ്രകാരമുള്ള പുരോഹിതൻ (8:5)
(2) അവന്റെ പുതിയ നിയമം (8:6–13)
(ഏ) ശ്രേഷ്ഠ വാഗ്ദാനങ്ങളുള്ള നിയമം (8:6, 7)
(ബി) നീക്കം ചെയ്തതിനേക്കാൾ വ്യത്യസ്തം (8:8, 9)
(സി) മനസിലും ഹൃദയത്തിലും എഴുതിയ നിയമം (8:10–12)
(ഡി) ഒരിക്കലും പഴക്കം വരാത്തത് (8:13)
ബി. പുതിയ നിയമത്തിന്റെ ശ്രേഷ്ഠത (9:1–28)
(1) സമാഗമന കൂടാരത്തിൽനിന്നുള്ള പാഠങ്ങൾ (9:1–10)
(ഏ) വിശുദ്ധ സ്ഥലവും ഉപകരണവും (9:1, 2)
(ബി) അതി വിശുദ്ധ സ്ഥലം (9:3–5)
(സി) പ്രായശ്ചിത്ത ദിവസം (9:6, 7)
(ഡി) അലങ്കാരങ്ങളും അടയാളങ്ങളും മാത്രം (9:8–10)
(2) ക്രിസ്തുവിന്റെ മരണവും പ്രായശ്ചിത്തവും (9:11–15)
(ഏ) ക്രിസ്തുവിന്റെ ശ്രേഷ്ഠമായ പ്രായശ്ചിത്തം (9:11–14)
(ബി) ത്യാഗപൂർണ്ണമായ മരണവും നിത്യാവകാശവും (9:15)
(3) ക്രിസ്തു പുതിയനിയമത്തിന്റെ കർത്താവ് (9:16–22)
(ഏ) ഒരു നിയമം പ്രാബല്യത്തിൽ വരുന്നത് (9:16, 17)
(ബി) പഴയ നിയമത്തിലെ രക്തം (9:18–20)

(സി) രക്തം കൂടാതെ വിമോചനം ഇല്ല (9:21, 22)
(4) ദൈവ സന്നിധിയിൽ ക്രിസ്തു പ്രവേശിക്കുന്നു (9:23–28)
(ഏ) സ്വർഗീയ മാതൃക (9:23, 24)
(ബി) യേശു ഒരിക്കലായി അർപ്പിച്ചു (9:25, 26)
(സി) ഒരിക്കൽ മരണം, പിന്നെ ന്യായവിധി (9:27, 28)
സി. ക്രിസ്തുവിന്റെ യാഗത്തിന്റെ ശ്രേഷ്ഠത (10:1–18)
(1) യാഗസ്ഥലം (10:1–10)
(ഏ) അവ നിഴൽ ആയിരുന്നു (10:1, 2)
(ബി) അവ ഓർമ്മയായിരുന്നു (10:3, 4)
(സി) അവ യഥാർത്ഥ യാഗത്തിന്റെ നിഴൽ (10:5–7)
(ഡി) അവ ആദ്യ നിയമമായിരുന്നു (10:8–10)
(2) ക്രിസ്തുവിനാലുള്ള ശുദ്ധീകരണം (10:11–18)
(ഏ) ക്രിസ്തു, നമ്മുടെ ഇരുന്ന കർത്താവ് (10:11, 12)
(ബി) ക്രിസ്തു, നമ്മുടെ കാത്തിരിക്കുന്ന കർത്താവ് (10:13, 14)
(സി) ക്രിസ്തു, നമ്മുടെ തികഞ്ഞ പ്രായശ്ചിത്തം (10:15–18)

**II. വിശ്വാസത്തിലുള്ള നടപ്പ് (10:19–13:25)**

ഏ വിശ്വാസം, "ജീവനുള്ള ഒരു പുതുവഴി" (10:19–12:29)
1. ദൈവത്തോട് ഉയർന്ന സാമീപ്യം (10:19–39)
ഏ. വിശ്വാസത്തിനുള്ള കാരണം (10:19–25)
ബി. മുന്നറിയിപ്പ്: പാപം മരണത്തെ കൊണ്ടുവരുന്നു (10:26–31)
സി. ഓർമ്മിക്കുവാനുള്ള പ്രബോധനം (10:32–39)
2. പ്രവൃത്തിയിലുള്ള വിശ്വാസം (11:1–40)
ഏ. വിശ്വാസ വിവരണം (11:1)
ബി. വിശ്വാസ പ്രദർശനം (11:2, 3)
സി. നീതിമാന്മാരായവരുടെ ചിത്രം (11:4–7)
ഡി. വിശ്വാസികളുടെ പിതാവ് (അമ്മയും) (11:8–12)
ഈ. ദൈവ വാഗ്ദാനങ്ങൾ ലഭിച്ചില്ലെങ്കിലും അവർ വിശ്വസ്തരായിരുന്നു (11:13–16)
എഫ്. വിശ്വസ്തർ കഷ്ടതയാൽ പരീക്ഷിക്കപ്പെട്ടു (11:17–29)
ജി. യിസ്രായേലിന്റേയും രാഹാബിന്റേയും വിശ്വാസം (11:30, 31)
എച്ച്. വിജയ നായകന്മാരും വിശ്വാസനായകന്മാരും (11:32–38)
ഐ. വിശ്വാസികളുടെ എല്ലാം സംക്ഷിപ്തം (11:39, 40)
3. അതിശയിപ്പിക്കുന്ന വിശ്വാസ ശക്തി (12:1–29)
ഏ. ക്രിസ്തു, നമ്മുടെ വിശ്വാസം പൂർത്തിയാക്കുന്നവൻ (12:1–3)
ബി. ദൈവ മക്കളുടെ അച്ചടക്കം (12:4–11)
സി. ദൈവ കൃപയാൽ വിശ്വാസ ജീവിതത്തിനുള്ള ഉത്തേ

ജനം (12:12–17)

ഡി. സിനായിയിൽ വെച്ചുണ്ടായ തേജസും "സ്വർഗീയ യെരുശലേം"/സീയോനിൽ ഉള്ള മഹത്വവും തമ്മിൽ ഉള്ള അന്തരം (12:18–24)

ഈ. അവസാന മുന്നറിയിപ്പ്: ദൈവത്തെ ത്യജിച്ചാലുള്ള അപകടം (12:25–29)

ബി. അവസാന പ്രബോധനങ്ങൾ (13:1–25)

1. സ്നേഹിക്കുവാൻ ഓർമ്മിക്കുക (13:1–6)
2. പൂർവ്വപിതാക്കന്മാരെയും നമ്മുടെ മഹാപുരോഹിതനേയും ഓർക്കുക (13:7–16)
3. ഇപ്പോഴത്തെ അദ്ധ്യക്ഷന്മാർക്ക് കീഴ്പ്പെട്ടിരുന്നു മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക (13:17–19)
4. ദൈവത്തിലേക്കും സഹോദരങ്ങളിലേക്കുമെത്തുക (13:20–25)